


# പച്ചമരച്ചോട്ടിൽ

**VMCGHSS WANDOOR**

little KITE

# /CONTENTS


ആ മു ഖം 3

CHIEF EDITORS 4

**ആശംസകൾ**

നിർമ്മല യു
(ഹെഡ് മിസ്ട്രെസ് ) 6

പ്രചോദ്
(കൈറ്റ് മാസ്റ്റർ )
7
ഉമ്മുൽ ഹസ്സത്ത് ടി
(കൈറ്റ് മിസ്ട്രെസ് )

ജിഷ ടീച്ചർ

(വിദ്യാരംഗം കൺവീനവർ ) 8


## ART WORK


PENCIL DRAWING 33


## CREATIONS


ഇനി അവൾ പറയും 9

നിലാവിന്റെ നിറങ്ങൾ 14

ബാല്യകാല സഖി 15

പറയാൻ ബാക്കി വെച്ചത് 18
സമം കുറ്റ ബോധം

തിരൂരിന്റെ ചരിത്രം 20

ഒരു എത്തി നോട്ടം 22

എങ്ങു പോയെന്റെ ബാല്യം 26

മാതൃ സ്നേഹം 27

നഷ്ട്ട സ്വപ്നം 29

എൻ പ്രിയതമേ 30

പതിയാം നിലാവേ
വർണ്ണ നിലാവേ 31

മധു നിലാവിൻ 32

പച്ചമരത്തണലിനു വേണ്ടി 34

# ആമുഖം

പ്രിയമുള്ളവരേ,

അനുദിനം വളരുന്ന ഈ ലോകം ഡിജിറ്റൽ മേഖലയിലാണ് ഏറ്റവും അധികം വികാസം അടയാളപ്പെടുത്തിയിട്ടുള്ളത്.. ജീവിതത്തെയാകമാനം മറ്റൊരു അപരലോകത്തേക്ക് ഈ ഡിജിറ്റൽ യുഗം നയിച്ചുകൊണ്ട് പോകുന്നു... ചിന്തകൾക്കും ഭാവനകൾക്കും അപ്പുറത്തേക്ക് വിജ്ഞാനം വികാസം പ്രാപിക്കുന്നതിനും ഇത് കാരണമാകുന്നു... മനുഷ്യമസ്തിഷ്ക്കത്തിൽ പോലും ചിപ്പ് ഘടിപ്പിക്കുന്ന തരത്തിൽ വിവരസാങ്കേതിക വിദ്യ വളർന്നു... ഈ സവിശേഷതകളെ മുൻകൂട്ടി മനസ്സിലാക്കുന്നതിനും അതിനനുസരിച്ച് പ്രവർത്തിക്കുന്നതിനുമായിട്ടാണ് സ്കൂൾ തലത്തിൽ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ പല ഡിജിറ്റൽ പ്രവർത്തനങ്ങളും നടത്തിവരുന്നത്. കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകളെ ഡിജിറ്റലി അടയാളപ്പെടുത്തുന്ന ഈ മാഗസിനിന്റെ ലക്ഷ്യവും മറ്റൊന്നല്ല..

സ്നേഹത്തോടെ

# എഡിറ്റോറിയൽ



Ajil Rahman

**വാക്കുകൾ ഹൃദയം കൊണ്ട് കുറിയ്ക്കുന്ന ഈ മാഗസിൻ ഞങ്ങളുടെ സ്ക്രൂൾ ജീവിതത്തിന്റെ മായാത്ത ഒരേടാണ്.**
**പറയാനുള്ളതൊക്കെ പച്ചയായി പൊള്ളുന്ന ഭാഷയിൽ എഴുതി വയ്ക്കാൻ ഞങ്ങൾക്ക് ലഭിച്ച ഈ അവസരം പരമാവധി പ്രയോജനപ്പെടുത്താൻ  ശ്രമിക്കുകയാണ്.... ഈ മാഗസിനിന്റെ പ്രവർത്തനങ്ങളിൽ ആദ്യാവസാനം ക്രൂടെ നിന്ന ക്രൂട്ടുകാർക്കും പ്രിയപ്പെട്ട അധ്യാപകർക്കും**
**സ്നേഹത്തോടെ....**


Ameen Aslah


Yadhunandh


Navaneeth



Anal Chandra


Ahammed shahad


Shikha


Ameya

# ആശംസകളോടെ



ഹെഡ്മിസ്ട്രസ്

നിർമല.യു

കാലം മാറുന്നു.സാങ്കേതിക
വിദ്യകളും.
അറിവും അനുഭവങ്ങളും
ആത്മസംഘർഷങ്ങളും
അത്ഭുതങ്ങളും കൂടുതൽ
തലങ്ങളിലേക്ക്
മാറിക്കൊണ്ടിരിക്കുന്നു.
സർഗ്ഗഭാവനകളെ കൂടുതൽ
അനുഭവവേദ്യമാക്കുവാൻ വി.എം.സി.
ലിറ്റിൽ കൈറ്റ്സ് കൂട്ടുകാർ
ഒരുക്കുന്ന ഈ മാഗസിന് എല്ലാ
ഭാവുകങ്ങളും

## ആശംസകളോടെ

**ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ**



**ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്**



**അനുഭവങ്ങളെ വീണ്ടെടുക്കുന്ന
കലാലയങ്ങളാണ് നാടിന്റെ
സമ്പത്ത്... കഥയും കവിതയും
ഓർമ്മകളും യാത്രകളും
ലേഖനങ്ങളുമൊക്കെയായി
കാലാകാലങ്ങളിൽ അവ
പുതുക്കപ്പെടുന്നു... മാഗസിനുകൾക്ക്
ഇക്കാര്യത്തിൽ വലിയൊരു പങ്ക് തന്നെ
നിർവഹിക്കാനുണ്ട്... ഈ കാലത്തെ
അടയാളപ്പെടുത്തുന്ന രചനകളാണ്
ഈ ഡിജിറ്റൽ മാഗസിനിന്റെ
മൊഴിച്ചന്തം....**

## ആശംസകളോടെ



**വിദ്യാരംഗം കൺവീനർ**
**ജിഷ ടി**

**വായനക്കാരിൽ .., കാരുണ്യത്തിൻ്റെ ആർദ്രതയ്ക്ക് നിറം പകരാനും . നിറയെ സ്നേഹമുള്ള ഇടവഴികളിലേക്കും മതിൽ കെട്ടുകളില്ലാത്ത മനസ്സിൻ്റെ പാടവരമ്പത്തേക്കും മാനവികതയുടെ പച്ചപ്പണിഞ്ഞ കുന്നുകളിലേക്കും..... ഇറങ്ങിച്ചെല്ലാൻ പ്രേരണയാകട്ടെ എന്നാശംസിക്കുന്നു.**

**ഈ മാഗസിൻ പൂർത്തീകരണത്തിനായി ,അരങ്ങിലും അണിയറയിലും പ്രവർത്തിച്ച എല്ലാ പ്രിയപ്പെട്ടവർക്കും ഹൃദയാഭിവാദ്യങ്ങൾ**

# ഇനി അവൾ പറയും.....

കാർമേഘത്തിന്റെ നിലവിളിയുയർന്നു... മാനം ഇരുൾമൂട്ടി... പുലർവേള ആയിരിക്കെ തന്നെ രാത്രിയായത് പോലെ. ചുറ്റും നിശബ്ദത പടർന്നു... പെട്ടന്ന് ശബ്ദ കോലാഹളങ്ങൾ.... രണ്ട് മൂന്ന് പേർ എന്തിനെയോ വീടിന്റെ ഹാളിനു നടുവിൽകൊണ്ട് വന്നു വെച്ചു. വെള്ള പുതപ്പിച്ച ഒരു ജഡം...!

അവൾ മുന്നോട്ടു നടന്നു, ജഡത്തിനടുത്തേക്കവൾ നടന്നു... ഒരൊറ്റ വട്ടം..!ഒരൊറ്റ വട്ടമേ അവൾകണ്ടോള്ളൂ. ശ്വാസം ആഞ്ഞു വലിച്ചു. തൊണ്ടക്കുഴി വറ്റി വരണ്ട പോൽ... പെട്ടന്നവൾ നിലം പതിച്ചു....

മിഴികളിലേക്കേറ്റ നനവ് അറിഞ്ഞവൾ മിഴികൾ തുറന്നു... ആളുകൾ വർധിച്ചിരിക്കുന്നു. നാടാകെ ആ വാർത്ത പടർന്നു. അഭിനയയുടെ മരണം നടുക്കത്തോടെ അവൾ കേട്ടു... ചുറ്റും കൂടി നിൽക്കുന്നവർ പതം പറഞ്ഞും പിറുപിറുത്തു.... കണ്ണീരൊഴുക്കി....

ഓരോ തുള്ളികളും അവൾ എത്ര പ്രിയപ്പെട്ടതാണവർക്ക് എന്ന് മനസ്സിലാക്കി തന്നു...
"ചിന്മയാ..."

ചിന്തകളിൽ നിന്നവൾ ഞെട്ടിയുണർന്നു."എന്ത് ഇരിപ്പാ കുട്ട്യേ ഇത്? എന്തേലും കഴിക്ക്. അല്ലേൽ വല്ല അസുഖവും പിടിക്കും. "ഒരു സ്ത്രീ ചിന്മയയോട് പറഞ്ഞു."വേണ്ട അമ്മേ... നിക്ക് വെശ്ക്ക്ണില്ലാ.."അവൾ അത് ഉച്ചരിക്കുമ്പോൾ ശബ്ദമിടറി."അമ്മേ അഭിനയ അവൾക്ക്... അവൾക്കെത്ര ആഗ്രഹമുണ്ടായിരുന്നു വക്കീലാവണം... അവളുടെ സ്വപ്നം."ബാക്കി പറയാനാകാതെ ചിന്മയ വിതുമ്പി.

"അരുത് മോളെ.."ആ അമ്മയും കൂടെ വിതുമ്പി കരഞ്ഞു. പെട്ടന്ന് പോലീസുകാർ ആ പരിസരത്ത് നിറഞ്ഞു. ചുറ്റും അന്വേഷണങ്ങളും ചോദ്യംചെയ്യലുകളുടെ ബഹളവും. ആ ബഹളത്തിനിടക്കും ചിന്മയ അത് കേട്ടു.....

തന്റെ പ്രിയ കൂട്ടുകാരി അഭിനയ പിച്ചിച്ചീന്തപ്പെട്ടതാണെന്ന്.ആ മൃഗങ്ങൾ അവളെ കൊത്തി വലിച്ചതാണെന്ന്. ഉള്ളം വിങ്ങിപ്പൊട്ടി. പക്ഷെ ഒന്ന് പൊട്ടിക്കരയാൻ സാധിക്കുന്നില്ലവൾക്ക്. പ്രിയപ്പെട്ടവളുടെ മരണവാർത്തയിലെ ആഗാദത്തിലാണവൾ. ഒരു പടുകുഴിലേക്ക് വീണ പോലെ കുടുങ്ങി നിന്നവൾ.

"നിനക്ക് എന്താടി ആഗ്രഹം?"ചിന്മയ അവളോട് ചോദിച്ചു.

"എന്താഗ്രഹം?"അവൾ മറു ചോദ്യം ചോദിച്ചു.

"വലുതായാൽ എന്താവാ നാണ് ആഗ്രഹം ന്ന്...?"(ചിന്മയ)

അവൾ ഒന്ന് നേർമയായി പുഞ്ചിരിച്ചു.

"വക്കീലാവണം... നീതി ലഭിക്കാത്തവർക്ക് നീതി വാങ്ങി കൊടുക്കണം. എന്റെ അടുത്തേക്ക് കൈ നീട്ടി വരുന്നവരെ നീതി നൽകി തിരിച്ചയക്കണം. ഒരാൾക്കും നീതി നഷ്ടപ്പെടാതെ നോക്കണം. ഒരു പ്രതിയും രക്ഷപ്പെടരുത്...."
അവളുടെ വാക്കുകൾ കേട്ട് ചിന്മയ അമ്പരന്നുപോയി. ഈ കുഞ്ഞു തലയിൽ ഇത്രയും വലിയ ആഗ്രഹം, ആശയവുമോ?
അഭിനയയുടെ ഓർമകൾ ചിന്മയയെ കാർന്നു തിന്നു. വെറും പതിനാറു വയസ്സുകാരി ആയിരുന്നു അഭിനയ. ചിന്മയയുടേതിലും മൂന്നു വയസ്സ് ഇളയത്. അവൾ ഒരു അനാഥയായിരുന്നു. ആരോരും ചോദിക്കാനില്ലാത്തവൾക്ക് കൂട്ടായി വന്നത് ചിന്മയ ആയിരുന്നു. ചേച്ചിയെ പോലെ സുഹൃത്തിനെപ്പോലെ എല്ലാമായി മാറി അവൾക്ക്. ആ കുഞ്ഞു വായാടിയാണിപ്പോൾ തന്റെ മുന്നിൽ വെള്ള പുതച്ച് കിടക്കുന്നത് എന്ന് അവൾക്ക് വിശ്വാസിക്കാനായില്ല....

അഭിനയ ഹോസ്പിറ്റലിലാണെന്ന് വിളിച്ചു പറഞ്ഞപ്പോൾ ഓടി വരുകയായിരുന്നു മാർക്കറ്റിൽ നിന്ന്. പക്ഷെ പിന്നീടുള്ള ഫോൺ വീട്ടിലേക്ക് വന്നാൽ മതി എന്നായിരുന്നു. വീട്ടിലേക്കുള്ള യാത്രയിൽ ചിന്മയ

അറിഞ്ഞിരുന്നില്ല തന്നെ കാത്തിരുന്ന ദുരന്തം ഇത്രയും ഭയാനകമായിരിക്കുമെന്ന്.

പരാതി എഴുതി നൽകിയ ശേഷം പോലീസുകാർ വീട്ടിൽ നിന്നിറങ്ങി. ഇനിയവൾ ഒരു വാർത്തയാണ്. ചാനൽക്കാർക്ക് കൊട്ടി ആഘോഷിക്കാനുള്ള ഒരു വാർത്ത. അവർക്കൊരു നാമവും ഉണ്ടാവും.

"ഇര..... "

അവൾ ഇനി ഇര എന്നറിയപ്പെടും.

ഓർക്കും തോറും ചിന്മയക്ക് നോവുന്നതിലേറെ രോഷം തോന്നി. ഈ ലോകത്തോടും എല്ലാവരോടും... ആ പിഞ്ചുകുഞ്ഞിനെ നോവിപ്പിച്ചിട്ട് അവർക്ക് എന്ത് ലഭിച്ചു.. വെറും ദേഹസുഖം... ഹും..... പുച്ഛം തോന്നി ചിന്മയക്ക്! വീട്ടിലെ ബഹളങ്ങളും എല്ലാം ഒന്ന് ഒതുങ്ങി. അല്ല എല്ലാവരും എല്ലാം ഒന്ന് മറന്നു. കാലം കൊഴിഞ്ഞു അതുപോലെ വർധിച്ചു മറവിയും. കാലം മായിക്കാത്ത നോവുകൾ ഇപ്പോഴുമുണ്ട് ചിന്മയയുടെ ഉള്ളിൽ മാത്രം... ഇപ്പോൾ അഭിനയ എന്ന പേരു പോലും എല്ലാവരും മറന്നു.....

പക്ഷെ ഇപ്പോൾ ചിന്മയ എന്നൊരുവൾ മാത്രം അവൾക്ക് വേണ്ടി പോരാടുന്നു.കാരണം അഭിനയ അവൾക്ക് വേണ്ടി ചിലത് ബാക്കി വെച്ചിരുന്നു.... ഈ ലോകത്തോട് അഭിനയക്ക് പറയാൻ ഒരുപാട് ബാക്കിയുണ്ടായിരുന്നു. അത് ഇനി ചിന്മയ പറയും...

കാരണം അവളിപ്പോൾ എൽ.എൽ. ബി യ്ക്ക് പഠിക്കുകയാണ്.

അതെ ഇനി അഭിനയയുടെ സ്വപ്നം ചിന്മയയിലൂടെ
അവൾ നടപ്പാക്കാൻ പോവുന്നു.

അഭിനയയ്ക്ക് ഇനിയും നീതി ലഭിച്ചില്ല.
സമൂഹത്തിനറിയാം ആരാണ് അവളെ നശിപ്പിച്ചതെന്ന്.
പക്ഷെ അതും രഹസ്യമായ പരസ്യമാണ്. ആ മറ നീക്കം
ചെയ്യാൻ അവളിറങ്ങുകയാണ്.
ആ നിയമ ലോകത്തേക്ക്.....
നീതിക്ക് വേണ്ടി പോരാടാൻ പോകുന്നവരുടെ നീതി
അവർ നടപ്പിലാക്കിയില്ല... ആരാരും അറിഞ്ഞതുമില്ലാ....
ആ പതിനാറുവയസ്സുകാരിക്ക് ലോകത്തോട് അവളുടെ
സ്വപ്നത്തെക്കുറിച്ചു, അവളുടെ നോവിനെക്കുറിച്ച്,
അവളുടെ കണ്ണീരുകളെ നിലവിളിയെ,
അട്ടഹാസങ്ങളെക്കുറിച്ച് എല്ലാം അവൾക്ക് പറയാൻ
ബാക്കിയുണ്ട്....

ഇനി ചിന്മയയിലൂടെ ലോകമറിയും എന്ന
വിശ്വാസത്തോടെ അവൾ അന്തിയുറങ്ങുന്നുണ്ടാവും
അൽപം ശാന്തിയോടെ.........
ശുഭം...

-ഫാത്തിമ നദ
10.E

# നിലാവിന്റെ നിറങ്ങൾ

നിലാവിന്റെ നിറങ്ങളണിഞ്ഞവളായിരുന്നു
അവൾ
നിലാവിന്റെ വെണ്മയെ
പ്രതിനിധീകരിച്ച് അവനുമവളോടൊപ്പം
കരയെ പ്രണയിക്കാൻ
കടലുണ്ടാക്കിയ കാരണമായ
തിരമാലകളെപ്പോലെ,
നിലാവിന്റെ അർഥമേറിയ
നിറങ്ങളെ അവർ
അവരുടെ പ്രണയത്തിനു
കാരണമാക്കി.
നീല നിലാവേറ്റ
രാത്രികളിൽ
കടലോളം ആഴത്തിൽ
അവർ തമ്മിൽ
പ്രണയം കൈമാറി.
നിലാവിന്റെ നീലനിറം
കഴുത്തിൽ വന്ന
പരമശിവന്റെയും പാർവ്വതിയുടെയും,
കാർവർണ്ണനായ കൃഷ്ണന്റെയും
സഖി രാധയുടെയും,
ഒരിക്കലും സ്വന്തമാക്കാൻ
സാധിക്കില്ല എന്നുറച്ചിട്ടും
ചേരാൻ തീരുമാനിച്ച
കാഞ്ചനയെയും മൊയ്തീനെപ്പോലെയും
അവർ പ്രണയിച്ചു, മഞ്ഞുവീഴും നിലാവിൽ
അവർ പ്രണയിച്ചു
നിലാവിൻ നിറങ്ങളെപ്പോലെ...

---

**ശിഖ.കെ**


9L

# ബാല്യകാലസഖി

*- ആസ്വാദനക്കുറിപ്പ്*

- ശ്രീദേവി
**9C**

മലയാളികളുടെ സ്വന്തം ബേപ്പൂർ സുൽത്താൻ എന്ന വൈക്കംലാണ് ' ബാല്യകാലസഖി ' 1944 - ൽ പുറത്തിറങ്ങിയ 'ബാല്യകാലസഖി' യാണ് ബഷീറിന് മലയാള സാഹിത്യത്തിൽ പ്രതിഷ്ഠ നൽകിയത്. അദ്ദേഹത്തിന്റെ കൃതികൾക്കിടയിൽ ഏറ്റവും പ്രശസ്തമായ ഈ നോവലാണ് മലയാള സാഹിത്യത്തിൽ മുസ്ലിം സാമൂഹ്യ ജീവിതം ആദ്യമായി അവതരിപ്പിക്കുന്നത്.



അയൽക്കാരനായ മജീദിന്റെയും സുഹ്റയുടെയും കഥയാണ് 'ബാല്യകാലസഖി'. പണക്കാരന്റെ മകനാണ് മജീദ്. സുഹ്റ പാവപ്പെട്ട കച്ചവടക്കാരന്റെയും. അവർ സ്കൂളിൽ പോകുന്നതും പഠിക്കുന്നതും കളിക്കുന്നതും എല്ലാം ഒന്നിച്ചാണ് . മജീദ് പഠിക്കാൻ മോശമാണ്. ' ഒന്നും ഒന്നും കൂട്ടിയാൽ എത്ര? ' എന്ന അധ്യാപകന്റെ ചോദ്യത്തിന്  ' ഇമ്മിണി ബല്യ ഒന്ന് ' എന്ന് മറുപടി

പറയാൻ മാത്രം മണ്ടനാണവൻ. സുഹറ പഠിക്കാൻ മിടുക്കി ആയിരുന്നു. സ്വപ്ന ജീവിയായിട്ടാണ് മജീദ് വളർന്നത്. വലുതാവുന്നതനുസരിച്ച് അവർ തമ്മിലുള്ള ബന്ധം വലുതായി തീർന്നു.

ബാപ്പയുടെ മരണം കാരണം വന്നു ചേർന്ന ദാരിദ്ര്യത്താൽ സുഹ്റക്ക് തുടർന്ന് പഠിക്കാൻ സാധിച്ചില്ല. ഒരു ദിവസം ബാപ്പ തല്ലിയതു കാരണം മജീദ് നാടുവിട്ടു പോയി. ആറേഴു കൊല്ലം കഴിഞ്ഞ് വെറും കൈയോടെ അയാൾ മടങ്ങിയെത്തി. കുടുംബം സാമ്പത്തികമായി തകർന്നിരിക്കുന്നു. സുഹറയുടെ വിവാഹം കഴിഞ്ഞു. ഒരു അറവുകാരന്റെ രണ്ടാം ഭാര്യയാണവൾ. മജീദ് വന്നെന്നറിഞ്ഞ് സുഹറ ഓടിയെത്തി. തന്നെ ഉപദ്രവിക്കുന്ന ഭർത്താവിന്റെ വീട്ടിലേക്ക് മടങ്ങിപ്പോകാൻ അവൾക്ക് മനസുണ്ടായിരുന്നില്ല. അവളെ വിവാഹം ചെയ്യാൻ മജീദും തയ്യാറായിരുന്നു. സാമ്പത്തികമായി തകർന്ന കുടുംബം നേരെയാക്കണം വീടുനിറഞ്ഞു നിൽക്കുന്ന സഹോദരിമാരെ കെട്ടിച്ചയക്കണം എന്നീ സ്വപ്നങ്ങളും ആയി അയാൾ വീണ്ടും നാടുവിട്ടു. ഒരു കമ്പനിയുടെ ഏജന്റായി ജോലി കിട്ടിയ മജീദിന്റെ ഒരു കാൽ മുറിച്ചു കളയേണ്ടി വന്നു. പിന്നീട് അയാൾക്ക് കിട്ടിയത് ഹോട്ടലിൽ പാത്രം കഴുകുന്ന പണയാണ്. ഇടക്കാണ് ദിനം വന്ന് സുഹ്റ മരിച്ചു പോയി എന്ന വിവരം



ഉമ്മയുടെ കത്തിലൂടെ മജീദ് അറിയുന്നത്. നായികാ നായകന്മാരുടെ കുട്ടിക്കാലത്തെ കളി തമാശകളും പ്രസാദമധുരമായ വെളിച്ചത്തിൽ തുടങ്ങിയ കഥ ശോകസങ്കുലതയുടെ കാളിമയിൽ അവസാനിച്ചു പോകുന്നു. എങ്കിലും മജീദ് നിരാശനാകുന്നില്ല.

ചുറ്റുപാടിന്റെ പ്രകാശവും ചലനവും മജീദ് തിരിച്ചറിയുന്നു. മധുരിക്കുന്ന ഓർമ്മകളിലേക്ക് തിരിച്ചെത്തുകയായിരുന്നു അവന്റെ മനസ്സ് .

ഈ കഥയിൽ എനിക്ക് ഏറ്റവും രസകരമായി തോന്നിയത് പഠിക്കാൻ മോശമായിരുന്ന മജീദിനോട് കണക്ക് മാഷ് ഒന്നും ഒന്നും കൂട്ടിയാൽ എന്ന് ചോദിച്ചപ്പോൾ " ഒന്നും ഒന്നും കൂട്ടിയാൽ ഇമ്മിണി ബല്യ ഒന്ന് " എന്ന മറുപടി ആയിരുന്നു. കഥയിലെ ഓരോ ഭാവങ്ങളേയും സംഭവങ്ങളേയും മുന്നിൽ നടക്കുന്ന പോലെയാണ് ബഷീർ എഴുതിയത്. ഉന്നതമായ ഭാവനയിലൂടെ ബഷീർ ഓരോ ആളുകളെയും നമ്മെ മനസിലാക്കി തരുന്നു. ബഷീറിന്റെ നർമ്മരസം കലർന്ന മറ്റു കഥകളിൽ നിന്നും വ്യത്യസ്തമായിരുന്നു ബാല്യകാലസഖി. മരിച്ചു പോകുന്ന സുഹ്റ വായനക്കാർക്ക് എന്നും ദുഃഖമാണ് .

# പറയാൻ ബാക്കിവെച്ചത് സമം കുറ്റബോധം

ഞാൻ കിരൺ വയസ്സ് 35. ഒരു ഓഫീസിൽ മാനേജർ ആയി ജോലി ചെയ്യുന്നു. ആർക്കോവേണ്ടി എന്തിനോ വേണ്ടി ജീവിക്കുക എന്ന വാചകത്തിന് ഏറ്റവും നല്ല ഉദാഹരണമാണ് ഞാൻ. ഒരു സാധാരണക്കാരൻ ആയ ഞാൻ ഒരു ഓഫീസിൽ മാനേജർ ആകാൻ കഴിഞ്ഞു എന്നത് തന്നെ വലിയ കാര്യമായി ഞാൻ കരുതുന്നു. വീട്ടിൽ ഞാനും അമ്മയും മാത്രം. കല്യാണം ആലോചിക്കുന്നുണ്ട് ഒരുപാട് കല്യാണാലോചനകൾ വന്നിട്ടും ഒന്നും ശരിയാകുന്നില്ല. പ്രശ്നം എനിക്കുതന്നെയാണ് ആരെ കണ്ടാലും എനിക്ക് എന്റെ സ്വാതിയെപ്പോലെയാവുന്നില്ല എന്നതാണ് എന്റെ പ്രശ്നം.

സ്വാതി കോളേജിൽ പഠിക്കുമ്പോൾ എന്റെ ജൂനിയർ ആയിരുന്നു. അതിനുപുറമേ എന്റെ നാട്ടുകാരി കൂടിയാണ് അവൾ. ഒരു സാധാരണ പെൺകുട്ടി എന്നതിന് പുറമേ എന്റെ പ്രണയിനി കൂടിയായിരുന്നു അവൾ. പക്ഷേ എന്റെ മനസ്സിൽ എന്ന് മാത്രം അവൾ എന്നെ ഒരു നല്ല കൂട്ടുകാരനായി അല്ലെങ്കിൽ ഒരു നല്ല ചേട്ടനായി മാത്രമേ കണ്ടിട്ടുള്ളൂ. കോളേജിൽ വെച്ച് നടന്ന ഒരു രക്തദാന കേസിൽ വെച്ചാണ് ഞങ്ങൾ പരിചയപ്പെടുന്നത്. ഞങ്ങൾ പരസ്പരം സംസാരിച്ച വേഗം തന്നെ വളരെ അടുത്തു. ഒരു കാര്യവും തുറന്നു പറയാനുള്ള ധൈര്യം എനിക്കില്ലായിരുന്നു. അതുകൊണ്ടുതന്നെ എനിക്ക് കൂട്ടുകാരും ഇല്ലായിരുന്നു. മൂന്നുവർഷത്തോളം നീണ്ടു ഞങ്ങളുടെ ബന്ധം പക്ഷേ അവൾ എപ്പോഴും എന്നെ ഒരു നല്ല കൂട്ടുകാരനായി മാത്രമേ കണ്ടിട്ടുള്ളൂ. അത് അവൾ ഇടയ്ക്കിടെ പറയാറുണ്ട് "നീ ആണെടാ നല്ല കൂട്ടുകാരൻ". എന്ന് പറയും അവൾ ഞാൻ പുറമേ ചിരിക്കുമെങ്കിലും ഉള്ളിൽ കരയുകയാണ്. എന്റെ പ്രണയം എനിക്ക് പറയാൻ സാധിക്കുന്നില്ല. ഈ മൂന്നു വർഷക്കാലത്തിനിടക്ക് ഞാൻ പലവട്ടം ശ്രമിച്ചു അത് പറയാൻ പക്ഷേ എന്നെക്കൊണ്ട് കഴിഞ്ഞില്ല. കോളേജ് ജീവിതം കഴിഞ്ഞ് ഞാൻ ജോലിക്ക് വേണ്ടി കുറേ അലഞ്ഞു. അവളോട് പ്രണയം പറയാൻ എന്നെ ഒന്ന് കൂട്ടി പിടിക്കാൻ വരെ കൂട്ടുകാർ ഇല്ലാത്തതാണ് എന്റെ ഏറ്റവും വലിയ തോൽവി. ജോലിക്കുവേണ്ടി അത് എന്നെ എനിക്ക് ഒരു കസിനോയിൽ കുഴപ്പമില്ലാത്ത ശമ്പളത്തിൽ ജോലി കിട്ടി എന്നത് ഞാൻ അറിഞ്ഞത് അമ്മ രാവിലെ ജോലിക്കത്തുമായി എന്റെ മുമ്പിൽ വന്നപ്പോഴാണ്. ആ

സന്തോഷത്തിൽ എവിടെനിന്നോ ലഭിച്ച ഒരു ശക്തിയും കൊണ്ട് സ്വാതിയോട് ഈ സന്തോഷം അറിയിക്കാനും എന്റെ ഉള്ളിലുള്ള അവളോടുള്ള പ്രണയം പറയാനും വേണ്ടി ജോലികത്തുമായി ഓടികിതച്ച് അവളുടെ വീട്ടിലേക്ക് ഞാൻ

ഓടി കിതച്ച് അവളുടെ വീട്ടിൽ ചെന്ന് ഞാൻ കണ്ടത് എന്റെ ഹൃദയത്തെനടുക്കുന്ന ഒരു കാഴ്ചയാണ്. അവന്റെ ഒരു കല്യാണ ബ്രോക്കറും അവളും അവളുടെ അമ്മയും അച്ഛനും അനിയനും ഹാളിൽ എന്നെ കണ്ട് അവളുടെ അച്ഛൻ എന്നെ വിളിച്ചിരുത്തി എന്നെ പരിചയപ്പെടുത്തുകയും ചെയ്തു. എന്റെ മകളുടെ അടുത്ത കൂട്ടുകാരൻ ആണെന്നും പറഞ്ഞു. എന്നിട്ട് ചെക്കനും ചെക്കന്റെ അച്ഛനും ഇറങ്ങി. ഞാൻ അവളുടെ അടുത്തേക്ക് പോയി. അവൾ പറഞ്ഞു എടാ എനിക്ക് പയ്യനെ ഇഷ്ടമായി, അമേരിക്കയിലെ വലിയ ഒരു കസിനോയിലെ ബോസ് ആണ്, കെട്ടിയാൽ എന്നെയും

അമേരിക്കയിലേക്ക് കൊണ്ടുപോകും എന്ന് പറഞ്ഞു. ഇത് കേട്ടപ്പോൾ എന്റെ ഹൃദയം തകർന്നു, കയ്യിലിരുന്ന കത്ത് താഴെ വീണു ഞാൻ ഒന്നും മിണ്ടാതെ ഇറങ്ങിപ്പോന്നു. വീട്ടിൽ ചെന്ന് റൂമിൽ കയറി വാതിൽ അടച്ച് കിടക്കയിൽ കിടന്ന് ഉറക്കെ കരഞ്ഞു. പറയാൻ ഒരു കാര്യം പേകി നടക്കുന്ന ഒരാളായി ഞാൻ മാറി. അവളുടെ കല്യാണം കഴിഞ്ഞു ഒരു കുഞ്ഞായതത് അമ്മ പറഞ്ഞിരുന്നു. ഇടയ്ക്ക് അവൾ നാട്ടിൽ വരുമ്പോൾ അവളെ ഞാൻ കാണാറുണ്ട് അപ്പോഴൊക്കെ ഞാൻ കരുതും അല്ലെങ്കിൽ മനസ്സിൽ അവളോട് പറയും പറയാൻ ഞാൻ ഒരു കാര്യം ബാക്കി വച്ചു എന്ന്. ഞാനിപ്പോൾ ഈ കുറ്റബോധം പേറി നടക്കുന്നതിന്റെ കാരണം അതാണെന്നും.

**-ഷിബിൻ 10 D**

# തിരൂരിന്റെ ചരിത്രം

കേരളത്തിന്റെ ആദ്യ സാംസ്കാരിക നാടും ആദ്യകാല




പണ്ഡിതന്മാരുടെ തലസ്ഥാനം കേന്ദ്രവുമായിരുന്നു തിരൂർ. കേരളത്തിൽ അറിയപ്പെടുന്ന നഗരങ്ങളിൽ ഒന്നാണ് തിരൂർ. കേരളത്തിലെ ഏറ്റവും കൂടുതൽ തിരുമേനിമാർ ഉള്ള നാടും, തിരുമേനിമാർ തന്നെ നാടിന്റെ ഭരണകർത്താക്കൾ ആയതുകൊണ്ടും "തിരുമേനിയുടെ ഊര്" എന്നായിരുന്നു ആദ്യകാല തിരൂർ അറിയപ്പെട്ടിരുന്നത്. പിന്നീടത് പരിഷ്കരിച്ചായിരുന്നു തിരൂർ എന്ന പേരാക്കി മാറ്റിയത്. 1969 ൽ ആയിരുന്നു തിരൂർ ഒരു പഞ്ചായത്ത് ആക്കി മാറ്റിയിരുന്നത്. 1971 ൽ അതൊരു നഗരസഭയാക്കുകയും ചെയ്തു. എന്നാൽ ഇതിനെല്ലാം മുൻപ് ക്ഷത്രിയ വംശത്തിൽപ്പെട്ട തിരുമേനിമാരായ വെട്ടത്ത്നാട് ഭരണകർത്താക്കൾ ആയിരുന്നു തിരൂരിന്റെ ഭരണകാര്യങ്ങൾ നോക്കിയിരുന്നത്. വെട്ടത്തുനാട് താനൂർ



സ്വരൂപം എന്ന പേരിലും അറിയപ്പെടുന്നുണ്ട്. വെട്ടത്ത് നാടിന്റെ ഭരണകാലത്ത് ഇവിടെ നിരവധി എഴുത്തുകളരികളും

പഠനകളരികളും ഗുരുകുലസമ്പ്രദായത്തിൽ നിലനിന്നിരുന്നു. തിരൂരിന്റെ ചരിത്രത്തെപ്പറ്റി പരാമർശിക്കുമ്പോൾ ഒഴിച്ചുകൂടാൻ പറ്റാത്ത കാര്യമാണ് വെറ്റിലകൃഷി. കേരളത്തിൽ വെറ്റിലകൃഷിക്ക് പേരുകൊണ്ട നാടാണ് തിരൂർ. ഇവയെ ബന്ധപ്പെടുത്തിയാണ് തിരൂരിന് പാക്കിസ്ഥാൻ, ശ്രീലങ്ക,ബംഗ്ലാദേശ് എന്നീ രാജ്യങ്ങളുമായി ബന്ധമുള്ളത്.

വെറ്റിലകൃഷിയുടെ കാര്യത്തിൽ മാത്രമല്ല മലയാളഭാഷയുടെ പിതാവായ എഴുത്തച്ഛന്റെ ജന്മ സ്മാരകമായ തുഞ്ചൻപറമ്പിനും, സ്വാതന്ത്ര്യസമരത്തിലെ കറുത്ത ഏടായ വാഗൺ ട്രാജഡിയുടെ സ്മാരകത്തിന്റെ പേരിലും തിരൂർ പ്രശസ്തി കൊള്ളുന്നു.




തുഞ്ചത്തെഴുത്തച്ഛൻ, വള്ളത്തോൾ നാരായണമേനോൻ,സി. രാധാകൃഷ്ണൻ,കുറ്റിപ്പുറം കേശവൻ നായർ എന്നീ പ്രശസ്ത എഴുത്തുകാരുടെ ജന്മസ്ഥലം തിരൂരാണ്.

കേരളത്തിലെ ആദ്യ റെയിൽവേ ലൈൻ ആയ ബേപ്പൂർ തിരൂർ ലൈൻ സ്ഥാപിതമാകുന്നത് തിരൂരിൽ വെച്ചാണ്. കേരളത്തിലെ ആദ്യത്തെ മലയാള സർവകലാശാലയായ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല സ്ഥിതി ചെയ്യുന്നത് തിരൂരിലാണ്. എല്ലാ മേഖലയിലും ഉന്നതിയിൽ നിൽക്കുന്ന കേരളത്തിലെ പ്രധാന സ്ഥലങ്ങളിൽ ഒന്നാണ് തിരൂർ.

# ഒരു എത്തിനോട്ടം

ജനൽകമ്പികളിൽ പിടുത്തമിട്ടു വെളിയിലേക്ക് മിഴികൾ പായിച്ചു... പിറകോട്ടു പായുന്ന മരങ്ങളേയും കൂടെ എത്താൻ ശ്രമിക്കുന്ന തെളിഞ്ഞ മാനത്തേയും നോക്കിയിരുന്നു.. മെല്ലെ ഒരിളം തെന്നൽ എന്നെ തഴുകി.... മിഴികളടച്ചു കൊണ്ട് ഞാനൊന്ന് മന്ദഹസിച്ചു ഉള്ളിൽ അടക്കാനാവാത്ത സന്തോഷം പൊങ്ങി.....

തൻ്റെ പ്രിയപെട്ട ഇടത്തേക്കാണീ യാത്ര.. ഒരായിരം ഓർമ്മകൾ സമ്മാനിച്ച തൻ്റെ ഹൈസ്കൂൾ കലാലയത്തിലേക്കാരു മടക്കം. തൻ്റെ തൊട്ടടുത്ത സീറ്റിലിരിക്കുന്ന അനന്തേട്ടനേയും, ഏട്ടൻ്റെ മടിയിലുള്ള നാലു വയസ്സുക്കാരൻ ശ്രീക്കുട്ടനിലേക്കും എൻ്റെ മിഴികൾ പറഞ്ഞു.. ഇരുവരും ചെറുതായി മയങ്ങിയിരിക്കുന്നു.. ലൈൻ ബസിൽ തന്നെ പോവണമെന്നത് തൻ്റെ ഒരു ആഗ്രഹമായിരുന്നു... ആ പഴയ മനോഹരമായ ഓർമ്മകൾ ഓർത്തെടുക്കാൻ രസിപ്പിക്കാനും ഈ യാത്രയിലൂടെയെ തനിക്കു സാധിക്കൂ. ഇന്ന് സ്കൂൾ അവധിയായതിനാൽ കുട്ടികളുടെ തിരക്കില്ല. കണ്ടക്ടറുടെ ചീത്തയും തോള് പൊട്ടും വിധം ഉള്ള ബാഗിൻ്റെ കനവും ഞാനൊന്നോർത്തു. തിക്കും തിരക്കി കൂട്ടി ബസിൽ കയറുന്നതിനിടെ ബാഗിൻ്റെ വള്ളിപൊട്ടി, വീട്ടിലെത്തികയാൽ അമ്മയുടെ കയ്യിൽ നിന്ന് കണക്കിനു വഴക്കും അപ്പോൾ ഭയവും, നീരസവും ആയിരുന്നാൽ ഇന്നത് തിരികേ കിട്ടാൻ വളരേയതികം കൊതിക്കുന്നു...

"കാരാട് കാരാട്" ബസ് കണ്ടക്ടർ വിളിച്ചുക്കൂവി. വേഗം ഞാൻ ആനന്ദേട്ടനെ വിളിച്ചുണർത്തി...

"എത്തിയോ?" ആനന്ദേട്ടൻ

"ആഹ് കുറച്ചൂടെ നടക്കണം" ഞാൻ മറുപടി നൽകി

ശേഷം ഞങ്ങൾ വേഗം ബസ്സിറങ്ങി നടന്നു...

ശ്രീക്കുട്ടൻ മയക്കത്തിലാണ്... അതുകൊണ്ട് ബഹളമില്ലാതെ നടക്കാം. എൻ്റെ തിടുക്കം മനസ്സിലായത് കൊണ്ടാവാം അതിക സടൊഷണത്തിൽ ഏട്ടനും വന്നില്ല. ശനി ആയതിനാൽ സ്കൂളിൽ ക്ളർക്കർമാരുണ്ടാകും

അതെ താൻ എത്തിയിരിക്കുന്നു..
പത്ത് വർഷത്തിനു ശേഷം വീണ്ടുമൊരു കാൽവെപ്പ്  നെഞ്ചൊന്നിടിച്ചു.
അമേരിക്കയിൽ നിന്ന് വന്നയുടൻ ഇങ്ങോട്ടു വരാനുള്ള തിടുക്കമാണെനിക്ക്.
ലീവിന് വരുമ്പോൾ കാണണം എന്നുണ്ടേലും അതിനു  സാധിച്ചിരുന്നില്ല.
ഗേറ്റ് കടന്നു മുന്നോട്ടു നടന്നു.
വൃക്ഷങ്ങൾ കൊണ്ട് മൂടിയ തൻ്റെ സ്കൂൾ മുറ്റം ഇപ്പോൾ ചില വൃക്ഷങ്ങളെല്ലാം മാഞ്ഞ് പോയിരിക്കുന്നു.. പുതിയ പുതിയ ബിൽഡിങ്ങുകൾ വന്നിരിക്കുന്നു. വീണ്ടും പാദങ്ങൾ മുന്നോട്ടു ചലിച്ചു.. ഉച്ചഭണത്തിനുള്ള ബെല്ല് മുഴങ്ങിയ ഉടനെ പാത്രമെടുത്ത് വരിനിൽക്കാൻ ഓടുന്ന ഒരു കൂട്ടർ... ഭക്ഷണത്തിനു ശേഷം ചുറ്റും കൂടിയിരുന്ന് കക്ക് കളിക്കുന്ന, തൊട്ടു കളി കളിക്കുന്ന മറ്റൊരു കൂട്ടർ.... 'വട്ടം വട്ടം നാരങ്ങ 'ഓരോന്നും ചെവിയിലൂടെയും മിഴികളിലൂടെയും മിന്നിമറഞ്ഞു. മായാത്ത ഒരു സിനിമ ദൃശ്യം മുന്നിൽ കണ്ടതുപ്പോലെ... വീണ്ടും മുന്നോട്ടു ചലിച്ചു. ചുമരിൽ കോറിയിട്ട ഒരുപാട് അക്ഷരങ്ങൾ.
ഒരു നാൾ 'അനുശ്രീ' എന്ന തൻ്റെ നാമവും ഈ ചുമരിൽ സ്ഥാനം പിടിച്ചിരുന്നു. ഇന്നതെല്ലാം പെൻ്റടിച്ച് മാഞ്ഞിരിക്കുന്നു. ഇപ്പോൾ അവയ്ക്കു മേലെ പുതു നാമങ്ങളും. അവയ്ക്കുമേലെ തഴുകി ഞാൻ നടന്നു നീങ്ങി.... അങ്ങേ അറ്റത്തെ  'പത്ത്.സി ' എന്ന ക്ലാസ് മുറിയെ ഉറ്റുനോക്കി ഞാൻ വരാന്തയിലൂടെ അതിനടുത്തേക്കടുത്തു
തൻ്റെ കലകളെല്ലാം വളർന്നത് ആ ക്ലാസിൽ നിന്നാണ്. ഒരു നാൾ ക്ലാസ് സാറായ ഹരി മാഷ് വന്നിട്ട് വെറുതെയൊരു രണ്ട് വരികൾ ബ്ലാക്ക് ബോർഡിൽ കുറിച്ചിട്ടു. ശേഷം അതിൻ്റെ ബാക്കി എഴുതാൻ ആവിശ്യപ്പെട്ടു എന്തായാലും വെറുത ഇരിക്കുകയാണ് രണ്ട് വരി ഞാനും വെറുതെ കുറിച്ചു. പേപ്പർ നൽകി.
അന്ന് ഉച്ചക്ക് രണ്ട് മൂന്നു പേരെ സ്റ്റാഫ് റൂമിലേക്ക് വിളിപിച്ചു കൂട്ടത്തിൽ എന്നെയും. ആദ്യമൊന്ന് ഭയന്നും പിന്നീട് സ്കൂളിൽ നടക്കുന്ന കഥാകവിത ക്യാമ്പിൽ പങ്കെടുക്കാൻ തിരഞ്ഞെടിത്തിരുക്കുന്നു  എന്ന് സാർ പറഞ്ഞു. ഏറെ അത്ഭുതവും, സന്തോഷവുമായിരുന്നു. മറക്കാൻ പറ്റാത്ത ആ രണ്ട് ദിനത്തെ ക്യാമ്പ് ഇന്നും ഓർക്കുമ്പോൾ വല്ലാത്തൊരു അനുഭൂതിയാണ്. ഒരുപാട് കവിതകൾ എഴുതി കഥകളും എന്നുള്ളിലെ ഒരു കലയെ

തിരിച്ചറിയാൻ ആ ദിനങ്ങളെന്നെ സഹായിച്ചു.ഒരുപാട് പുതിയ കാര്യങ്ങൾ ലഭിച്ചു കൂടെ എനിക്കൊരു നല്ല സുഹൃത്തിനേയും എല്ലാവരോടും പെട്ടന്ന് കൂട്ടാവുന്ന ഒരു വായാടി ചെറുക്കൻ 'ജിതിൻ' . ഞാനവനൊരു റോക്കറ്റ് ആണെന്നെ പറയൂ .കാരണം എല്ലാവർക്കും അവനെ വളരെ കാര്യമാണ്.'പത്ത് . എ' യിലെ ബെസ്റ്റ് സ്റ്റുഡന്റ് ഗ്രൂപ്പ് വർക്കിനു ഞാനും അവനുമായിരുന്നു ഗ്രൂപ്പ്. അന്ന് കൂടെ കൂടിയതാണ് പിന്നീട് ക്യാമ്പിനു ശേഷം അവന്റെ സൗഹൃദം നിലനിർത്തിയിരുന്നു. ഒരുപാട് നല്ല ഓർമകൾ ഞങ്ങൾ ഉണ്ടാക്കി. ഇന്നോർക്കാൻ അവ മാത്രമുള്ളൂ. ആ ക്യാമ്പിൽ നിന്ന് അവൻ അവൻ്റെ നെറ്റിയിലെ മുറിവിൻ്റെ പാട് കാണിച്ചു തന്നു .ഞാൻ അവനെ സംശയത്തോടെ നോക്കി. "നിനക്കോർമ്മയു ണ്ടോ എന്നറിയില്ല പണ്ട്, പണ്ട് എൽ. കെ. ജി 'എ'യിലെ 'ജിതിൻ . കെ'യുടെ സ്ലൈറ്റ് പൊട്ടിച്ചതിനവൾ നൽകിയ സമ്മാനമാണ് കല...... "
ജിതിൻ ചിരിയോടെ പറഞ്ഞു . പക്ഷെ എനിക്കപ്പോൾ എന്തോപ്പോലെയായി. ഞാനൊരു ചമ്മിയ ചിരി അവനു നൽകി. അവൻ പറഞ്ഞത് എനിക്കോർമ്മയില്ലേലും, അമ്മ പറഞ്ഞ എൻ്റെ വീരശൂര കഥകൾ നോക്കുമ്പോൾ ഈ കഥ നടക്കാൻ സാധ്യത വളരെ കൂടുതലാണ്.

കലോത്സവത്തിൽ കഥയ്ക്ക് സബ് ജില്ലയിലേക്ക് ഞാൻ പോയപ്പോൾ കൂടെ ജിതിനും ഉണ്ടായിരുന്നു. മറക്കാനവാത്ത ഓരോ അഴകേറിയ ആ ഓർമകളിലേക്ക് ഞാനൊന്ന് എത്തി നോക്കി. തിരികെ പോകാനൊരു അവസരം ലഭിച്ചു. ശ്രീകുട്ടന്റെ കരച്ചിലാണ് ഓർമ്മകളിൽ നിന്നുണർത്തി എന്നെ സ്വബോധത്തിലേക്ക് എത്തിച്ചത്. "അനു പോവാം, അധിക സമയമായാൽ ഇവൻ വല്ലാതെ കരഞ്ഞലമ്പാക്കും" അനന്തേട്ടൻ പറഞ്ഞു .ഇപ്പോൾ പോകാം. പക്ഷെ ഒരു സ്ഥലം കൂടെ ഞാൻ കണ്ടിട്ടു വരാം" മറുപടി നൽകി ഞാനവിടുന്ന് ഗ്രൗണ്ടിലേക്ക് ഓടി ശേഷം അതിനടുത്തുള്ള മുത്തശ്ശി മാവിനടുത്തേക്ക് ചെന്നു. മാമ്പഴക്കാലമായതിനാൽ മാങ്ങയുടെ കൂട്ടം മരത്തിൽ എന്നെ നോക്കി നിൽപ്പുണ്ട് ഇപ്പോഴാണോ ഞങ്ങളെ ഓർക്കുന്നത് എന്ന ചോദ്യം അവർ എന്നോട് ചോദിക്കുന്ന പോലെ തോന്നി. ഒരിക്കൽ കൂടെ ഈ വൃക്ഷത്തെ കണ്ടതിൽ മനം വല്ലാതെ തുടിച്ചു

മാവിനെ നോവിച്ചു കൊത്തിയിട്ട നാമങ്ങളിൽ എന്റെയും അവന്റെയും നാമം ഉണ്ടായിരുന്നു. അവൻ എന്നെ ഓർക്കുന്നുണ്ടാവുമോ......... അറിയില്ല. അന്ന് ആ പത്താം തരത്തിന് ശേഷം ഞങ്ങൾ പിന്നീട് കണ്ടിട്ടില്ല. ഒരിക്കൽ കൂടി ആ ഓർമകളിലെ ദിനങ്ങളിൽ ജീവിക്കാനൊരാശ......... തിരികെ ലഭിക്കാത്ത ആ നല്ല നാളുകൾ എന്നും കൊതിച്ചു പോകുന്നു... കണ്ണിൽ നിന്നൊരു നീർത്തിളക്കം മാവിൻ ചുവട്ടിലേക്ക് പതിച്ചു. തിരികെ നടക്കുമ്പോൾ അനുശ്രീ മാവിനെ നോവിപ്പിച്ച ആ അക്ഷരക്കൂട്ടങ്ങളെ കണ്ടില്ല

" നീയെന്നെയോർക്കാറുണ്ടോ എന്നറിയില്ല അനു...... പക്ഷേ എനിക്ക് സമ്മാനിച്ച കലയുള്ളടുത്തോളം നാൾ നിന്നെ ഞാൻ മറക്കില്ല......... നിന്നെ ഞാൻ ഓർക്കാറുണ്ട് . എന്റെ ഓർമയിൽ എന്നും നീ ജീവിക്കാറുണ്ട്........"

---- ജിതിൻ. കെ

.

# എങ്ങു പോയെന്റെ ബാല്യം

എങ്ങോട്ട് പോയന്റെ ബാലസ്മിതങ്ങൾ  ചിന്തിച്ച
കഴച്ച കളത്തിലെ ഞാനെൻ ബാല്യം
ചതിക്കു പിറകിലെ കൗതുകത്തിൽ പിറകെ പോയി
തീർത്തില്ല ഞാനെൻറെ ബാല്യം പിറകെ പോയി
തീർത്തില്ലേ ഞാനെൻ ബാല്യം
എങ്ങു പോയെന്റെ ബാല്യം
എവിടേക്ക് പോയെന്റെ ബാല്യം
ഉത്തരമില്ലാത്ത ചോദ്യത്തിന്
പിറകെ പോയി എൻ ബാല്യം
ചുരുട്ടിപ്പിടിച്ച മുഷ്ടികൾ കൊണ്ട്
കൊടി പിടിച്ച നടന്നവരുടെ പിറകെ പോയി
കളഞ്ഞില്ലേ ഞാനെന്റെ ബാല്യം എങ്ങോട്ട് പോയന്റെ ബാല്യം
ഇരുട്ടിൽ മുക്കി തീർത്ത ആകാശം ഇനി വരുമോ........
നിനക്കായി വർണ്ണമേകാൻ

ഹർഷിൻ ആലി

# മാതൃ സ്നേഹം

ശകടങ്ങൾ പോകുന്ന പാതയോരം
തന്നിൽ ശങ്കിച്ചു നിന്നാളമ്മ
അമ്മതൻ പൊന്നുമോനെത്തുമെന്നോർത്തിട്ടു
ആശിച്ചുനിന്നാളമ്മ
വന്നതില്ലായവൻ ; കണ്ടതില്ലായമ്മ
തന്നുടെ പുന്നാരമോനെ
ഒരു നാളിലമ്മ തിരിഞ്ഞെങ്ങു നോക്കുമ്പോൾ
പഴയൊരാ കാലത്തെ ഓർത്തു പോയി.



കതിരോലും നെൽവയൽ പാട വരമ്പിലായ്
വലിയൊരു മാവിലായ് തൊട്ടിൽ കെട്ടി
താരാട്ടു പാടി ഉറക്കിയാ പൊന്നമ്മ
അല്ലലറിയാതെ പൊന്നുമോനെ
ആരാരും തുണയില്ലാ പാതിരാമഴയത്തും
ചോരുന്ന കുരയിൽ കാവലായി.



പള്ളിക്കൂടം തന്നിൽ പോവുന്ന സമയത്തും
നെയ്തു പോയ് സ്വപ്നങ്ങളേറെയമ്മ
ഏറെ പഠിച്ചവൻ, ഏറെ പഠിച്ചവൻ
ഭിഷഗ്വരനായവൻ
കടൽ താണ്ടി ദൂരെ പറന്നു പോയി.
ഒരു നാളിലവനെത്തി അമ്മതൻ ചാരത്ത്
മണമൂറും വലിയൊരുപെട്ടിയുമായ്.

എന്നിട്ടവൻ ചൊന്നു തന്നമ്മയോടായ്
ചാരത്തിരുന്നവൻ സ്നേഹമോടെ



പട്ടണം തന്നിലായ് വലിയൊരുമാളിക
എന്നുടെ അമ്മക്കായ് കണ്ടുവച്ചു
വന്നിടേണം അമ്മ കണ്ടിടേണം വീട്
താമസമങ്ങോട്ട് മാറ്റിടുവാൻ
തല്ലതു മാത്രം ആശിച്ചിരുന്നമ്മ
മകൻ തന്റെ പൊയ്മുഖം കണ്ടതില്ലാ
മാളിക തന്നിലായ് ചെന്നങ്ങു
നോക്കുമ്പോൾ
അമ്മമാർ അവിടെയും അനവധിയാ.......
ഒന്നല്ല, രണ്ടല്ലാ, ആയിരമായിരം
അമ്മമാർ മക്കളെ കാത്തിരിപ്പാ
വന്നതില്ലായവർ കണ്ടതില്ലായവർ
കണ്ണായ് വളർത്തിയ പുന്നാര
മക്കളേ ...............

-അമീൻ അസ്‌ലഹ്

# നഷ്ടസ്വപ്നം

പതിമൂന്നിൻ ബാല്യത്തിൽ ഞാനകപ്പെട്ടു
നാല്ല ചുമരുകൾക്കുള്ളിലായ് ജീവിതം
കണ്ടതില്ലായാരും എന്നിലെ മോഹവും
വിദ്യ നുകരുവാനുള്ളൊരാൻ ദാഹവും
പുകയുതി പുകയുതി എന്നിലെ കൗമാരം –
പുകയേറ്റു മങ്ങിപ്പോയ് എന്നിലെ --
സ്വപ്നവും



കണ്ടതില്ലാഞാൻ പിന്നീടൊരിക്കലും
വിദ്യ നിറഞ്ഞൊരാ പുസ്തകത്താളുകൾ
ശലഭങ്ങൾ മധു മോന്തി പാറുന്നൊരാവഴി
യൗവ്വനം തന്നിലായ് നീറിപ്പുകഞ്ഞു –
ഞാൻ
വിരഹത്തിൽ വേദന ഞാനറിഞ്ഞു
സ്ത്രീയും പുരുഷനും തുല്യരാണെന്നൊര-
മുദ്രാവാക്യം മുഴങ്ങുന്നതെവിടെയോ?
പ്രാബല്യമായാവാക്യങ്ങളെങ്കിൽ
തളരില്ല നമ്മുടെ പെൺ മക്കളൊരിക്കലും
പഠനം നടത്തുവാനുള്ളതോ ജീവിതം

പഠനം മുടക്കുവാനുള്ളതോ ജീവിതം

**AMEEN ASLAH**

# എൻ പ്രിയതമേ

മനസ്സിന്റെ ഒരു കോണിൽ.

എൻ പ്രിയതമേ...
നീ അറിയുന്നുണ്ടോ.....
ഈ നിലാവിന്നെന്തു വെട്ടം.

നിൻ ചിരി പോലെ തെളിഞ്ഞു
നിൽക്കുന്ന ഈ നിലാവിനെന്തു വെട്ടം.
ഈ കാണും നിലവിൽ നിൻ മുഖം
പോൽ എന്തു തെളളിപ്പ്.

നിന്റെയോർമ്മക്കൾ എൻ മനസ്സിൽ
അലയായി മാറുന്നു.
എൻ ഹൃദയം കോണിൽ നിൻ
മരണം അത്രമേൽ നോവായി
കിടക്കുന്നു.

നിലാവിൻ നിറങ്ങൾ പോൽ നിൻ മനസ്സ്.
ഇന്നെനിക്കതൊരു ഓർമ്മ മാത്രം.
വെൺമ നിറഞ്ഞ ഈ നിലവിൽ നിൻ സാമിപ്യം ഉണ്ടെനെൻ മനസ്സ്
മെഴിയുന്നു.

# പതിയാം നിലാവേ

## വർണ്ണ നിലാവേ


രതി മൂർച്ചയേറും രാവിൽ
ഭവന മുൻപിൽ ഇറങ്ങിയ രാവൻ
നിറഞ്ഞൊഴുകും നിലാവിൻ ഭംഗിയിൽ അലിഞ്ഞു പോയവൻ
എൻ പതിയാം നിലാവേ നീ
എൻ അരികിൽ വന്നിടാം
നിൻ മുൻപിലെ ഭംഗി കണ്ടു അലിഞ്ഞു പോയി ഞാൻ അത്യാത്ലക
കാഴ്ച്ച അല്ല നീ
കണ്ണെടുക്കാൻ കഴിയാതെ പോയതും
എൻ ഉള്ളിലെ പ്രണയ വർണ്ണം തുറന്നു തരാം ഞാൻ
എൻ ഉള്ളിലെ രാജകുമാരിയോ
നീയെൻ വർണ്ണകുമാരിയോ
നീലനിലാവു പല വർണ്ണങ്ങളായത് എങ്ങനെ അറിയുമോ
നീയെൻ പതിയാകുമോ
എൻ കണ്ണിലെ മഴവില്ലഴകോ
നിലാവിൽ പ്രണയവർണ്ണ ഭംഗി അറിയുന്നുണ്ടോ നീ

# മധു നിലാവിൽ

ഈ മധു നിലാവിൻ കുളിരുകോരും ഇളം
തെന്നലിൽ സന്തുഷ്ടരാവുന്നു നാം.
ആ കൊച്ചു ചീവീടുകൾ ചിലക്കും സ്വരം സംഗീതത്തെ
കവർന്ന് നിപ്പൂ.
ഈ വെൺമയൂറും നീല നിലാവിൽ പൂക്കുന്ന കൊച്ചു
പുഷ്പങ്ങളുടെ ഗന്ധമാൽ പുളകിതരാകുന്നു നാം.
തിങ്കൾതരുന്ന വെളിച്ചത്തിൽ പൂത്തുലഞ്ഞു
നിൽക്കുമീ പൂക്കളെ കാണുവാനെന്തു ഭംഗി.
ഇലകൾക്കിടയിലൂടെ ഒളിഞ്ഞുനോക്കുന്ന
വെള്ളിലകൾക്കെന്തൊരഴക്.
നിലാവിൻ ഇളം തെന്നലിൽ തലയാട്ടുന്ന പടുകൂറ്റൻ മരങ്ങളും,
തോടിൻ വക്കത്ത് തലപ്പൊക്കി നിൽക്കുന്ന മാക്രിക്കൂട്ടങ്ങളും.
എല്ലാവരെയും താരാട്ടു കൂവിയുറക്കുന്ന കൂമൻ
കിളികളുമായ് മനോഹരമാകുന്നു ഈ വർണ്ണ നിലാവ്.
സൂര്യകിരണങ്ങൾ ഉണരും നേരം നമ്മോട്
യാത്ര പറയുന്നു ഈ വർണ്ണ നിലാവ്.
ദിനം തോറും  മാഞ്ഞുമറഞ്ഞു നമ്മിലേക്ക്
തന്നെ തിരിച്ചെത്തുന്നു ഈ ശുഭനിലാവ്.
വരും നേരം തൻ്റെ തമസ്സാൽ നമ്മെ
സമാധാനിപ്പിക്കുന്നു ഈ സുഖ:നിലാവ്.
പ്രണയാത്മാക്കളെ ഊർജം കൊള്ളിക്കുമീ മധുനിലാവ്.

*- മഹേഷ്. എസ്*

# ചിത്രങ്ങൾ



**റിയലിസ്റ്റിക്ക് ഡ്രോയിങ്ങ്**

- അനൽ ചന്ദ്ര .    9H

# പച്ചമരത്തണലിനുവേണ്ടി





# ലിറ്റിൽകൈറ്റ്സ് 2022-25


C
BLOCK












ka waii
HAPPY DAYS
REMEMBER 24 2020

